# CATEGORY - I

## PART - 1

## Child Development and Pedagogy

### Question Numbers 1 to 30

1. താഴെ കൊടുത്തവയിൽ തെറ്റായ ജോഡി തെരഞ്ഞെടുക്കുക.

   (A) ക്രിയാഗവേഷണം - സ്റ്റീഫൻ. എം. കോറി

   (B) പ്രക്ഷേപണരീതി - തീമാറ്റിക് അപ്പർസെപ്ഷൻ ടെസ്റ്റ്

   (C) ക്ലിനിക്കൽ മെത്തേഡ് - ജെ. എൽ. മൊറീനോ

   (D) സാമൂഹ്യ ബന്ധപരിശോധന - ക്ലിക്കുകൾ

1. Choose the wrong pair from the following :

   (A) Action research - Stephen M. Corey

   (B) Projective technique - Thematic Apperception test

   (C) Clinical method - J.L. Moreno

   (D) Sociometric technique - Clique

2. താഴെ കൊടുത്തവയിൽ 70-85 നിടയിൽ ബുദ്ധിമാനം കാണിക്കുന്ന ഒരു കുട്ടി ഏത് വിഭാഗത്തിൽ പെടുന്നു ?

   (A) മൂഢബുദ്ധി (Moron)

   (B) മന്ദബുദ്ധി (Dull)

   (C) ക്ഷീണബുദ്ധി (Imbecile)

   (D) ശരാശരി (Average)

2. Which of the category of the child having IQ in the range of 70-85 shown below ?

   (A) Moron

   (B) Dull

   (C) Imbecile

   (D) Average

3. സങ്കലിത വിദ്യാഭ്യാസം (Inclusive education) എന്നതുകൊണ്ട് അർത്ഥമാക്കുന്നത് :

   (i) കുട്ടിയുടെ കഴിവുകൾ, പരിമിതികൾ എന്നിവ പരിഗണിച്ച് റിസോഴ്സ് ടീച്ചറിൻ്റെ സഹായത്തോടെ ക്ലാസ്

3. What do you mean by inclusive education ?

   (i) Class teacher provides learning experiences as per the capacities and limitations of children with the support

3. സങ്കലിത വിദ്യാഭ്യാസം (Inclusive education) എന്നതുകൊണ്ട് അർത്ഥമാക്കുന്നത് :

(i) കുട്ടിയുടെ കഴിവുകൾ, പരിമിതികൾ എന്നിവ പരിഗണിച്ച് റിസോഴ്സ് ടീച്ചറിന്റെ സഹായത്തോടെ ക്ലാസ് ടീച്ചർ പഠിപ്പിക്കുന്നു.

(ii) പ്രത്യേക സ്കൂളിൽ വിദ്യാഭ്യാസം നൽകുന്നു.

(iii) അയൽപക്ക സ്കൂളിൽ യാതൊരു വേർതിരിവുമില്ലാതെ പഠിപ്പിക്കുന്നു.

(iv) റിസോഴ്സ് ടീച്ചറിന്റെ സഹായത്തോടെ പ്രത്യേക ക്ലാസ് മുറിയിൽ ഇരുത്തി പഠിപ്പിക്കുന്നു.

(A) (i), (ii) ശരിയാണ്

(B) (ii), (iii) ശരിയാണ്

(C) (i), (iii) ശരിയാണ്

(D) (i), (iv) ശരിയാണ്

3. What do you mean by inclusive education ?

(i) Class teacher provides learning experiences as per the capacities and limitations of children with the support of resource teacher.

(ii) Gives education in special school.

(iii) Teach without any discrimination in neighbouring school.

(iv) Provide learning experiences with the support of resource teacher in special classroom.

(A) (i), (ii) True

(B) (ii), (iii) True

(C) (i), (iii) True

(D) (i), (iv) True

4. നിശ്ചിത വിവരങ്ങൾ ഉപയോഗിച്ച് കൃത്യമായ ക്രിയാ മാർഗ്ഗങ്ങളിലൂടെ ഉത്തരം കണ്ടെത്തുന്ന രീതിയാണ്

(A) ഹ്യൂരിസ്റ്റിക് (Heuristic)

(B) അൽഗോരിതം (Algorithm)

(C) അന്തർദൃഷ്ടി പഠനം (Insightful learning)

(D) ശ്രമ പരാജയ രീതി (Trial and error method)

5. ഡാനിയൽ ഗോൾമാൻ മുന്നോട്ടുവെച്ച വൈകാരിക ബുദ്ധി (Emotional intelligence) യുടെ അടിസ്ഥാന ഘടകങ്ങളിൽ പെടാത്തത് ഏത് ?

(A) സ്വാവബോധം (Self awareness)

(B) അനുതാപം (Empathy)

(C) ആത്മബോധം (Self esteem)

(D) അഭിപ്രേരണ (Self motivation)

4. The method of finding the answer using calculations and data processing is

(A) Heuristic

(B) Algorithm

(C) Insightful learning

(D) Trial and error method

5. Which component is not included in emotional intelligence advocated by Daniel goleman ?

(A) Self awareness

(B) Empathy

(C) Self esteem

(D) Self motivation

6. രക്ഷിതാക്കൾ ശ്രദ്ധിക്കുന്നതിനു വേണ്ടി നീതു ചെറിയ കുട്ടിയെപ്പോലെ പെരുമാറുന്നു. ഈ പ്രവൃത്തി താഴെ കൊടുത്ത ഏത് സമായോജന ക്രിയാതന്ത്ര (Defence mechanism) ങ്ങൾക്ക് ഉദാഹരണമാണ് ?

(A) താദാത്മീകരണം (Identification)

(B) പ്രക്ഷേപണം (Projection)

(C) അനുരൂപീകരണം (Compensation)

(D) പശ്ചാത്ഗമനം (Regression)

6. Neethu behaves like a small child seeking the attention of her parents. Which defence mechanism among the following is related to this action ?

(A) Identification

(B) Projection

(C) Compensation

(D) Regression



7. ഭാവിയിൽ സംഭവിക്കാൻ സാധ്യതയുള്ള അനഭിലഷണീയമായ ചിന്തയിൽ നിന്നും ഉണ്ടാകുന്ന വികാരമാണ്

(A) ഉത്കണ്ഠ (Anxiety)

(B) ഭയം (Fear)

(C) ആകുലത (Worry)

(D) സംഭ്രമം (Embarrassment)

7. The emotion evolved from the anticipation of undesirable thought is

(A) Anxiety

(B) Fear

(C) Worry

(D) Embarrassment

8. കേവലമായ ആവർത്തനം ഒഴിവാക്കുകയും, വ്യത്യസ്തമായ സാഹചര്യങ്ങളിൽ നിന്ന് നേരത്തേ നേടിയ ആശയങ്ങളുടെ പുനരാവർത്തനത്തിലൂടെ ധാരണയിൽ എത്താൻ സഹായകവുമായ രീതി ഏതാണ് ?

(A) കണ്ടെത്തൽ പഠനം

(B) സംവാദാത്മക പഠനം

(C) ചാക്രികാരോഹണ പഠനം

(D) അനുഭവാത്മക പഠനം

8. Which type of method avoids mere repetition and allows concept attainment through recurrence of the previously acquired ideas from varied situations ?

(A) Discovery learning

(B) Dialogic learning

(C) Spiral learning

(D) Experiential learning

9 ചാലക വികാസ തത്ത്വ (Principles of motor development) ങ്ങളിൽ പെടാത്തത് ഏത് ?

(A) സ്ഥൂലപേശികളിൽ നിന്ന് സൂക്ഷ്മപേശികളിലേയ്ക്ക് (Large muscles to smaller muscles)

(B) ശിരോഭാഗത്ത് നിന്ന് പാദങ്ങളിലേയ്ക്ക് (Cephalo-caudal trend)

(C) ഏകപാർശ്വത്തിൽ നിന്ന് ദ്വിപാർശ്വത്തിലേയ്ക്ക് (Unilateral to bilateral trend)

(D) സ്ഥൂല ചലനങ്ങളിൽ നിന്നും സൂക്ഷ്മ ചലനങ്ങളിലേയ്ക്ക് (Mass to specific

9. Identify the option not included in the principles of motor development.

(A) Large muscles to smaller muscles

(B) Cephalo-caudal trend

(C) Unilateral to bilateral trend

(D) Mass to specific trend

10. താഴെ കൊടുത്തവയിൽ സ്വയം കേന്ദ്രീകൃത ചിന്ത (Ego-centric thought) എന്ന ആശയവുമായി ബന്ധപ്പെട്ട പ്രസ്താവനയേത് ?

(A) കുട്ടി തന്റെ കാഴ്ചപ്പാടിലൂടെ ലോകത്തെ കാണുന്നു

(B) കുട്ടി ലോകത്തെ കാണുന്നു

(C) മറ്റുള്ളവർ കാണുന്നതുപോലെ കുട്ടി ലോകത്തെ കാണുന്നു.

(D) മുതിർന്നവർ പറയുന്നതിനനുസരിച്ച് കുട്ടി ലോകത്തെ കാണുന്നു.

10. Select the alternative related with the concept of ego-centric thought.

(A) The child sees the world through his own perspective

(B) Child perceives the world

(C) Child looks about the world as others do

(D) Child recognises the world as the elders say

11. പാറ്റേൺ തയ്യാറാക്കൽ, ചോദ്യം ചോദിക്കൽ, പ്രശ്ന പരിഹരണം തുടങ്ങിയ പ്രവർത്തനങ്ങൾ താഴെക്കൊടുത്ത ഏത് തരം ബുദ്ധി വർദ്ധിപ്പിക്കാൻ സഹായിക്കുന്ന പ്രവർത്തനങ്ങളാണെന്ന് കണ്ടെത്തുക.

(A) വ്യക്ത്യാന്തര ബുദ്ധി

(B) ശാരീരിക ചലനപരമായ ബുദ്ധി

(C) ഭാഷാപരമായ ബുദ്ധി

(D) യുക്തിചിന്താപരവും ഗണിതപരവുമായ ബുദ്ധി

11. Find out the type of intelligence through Pattern making, Questioning and Problem solving.

(A) Interpersonal intelligence

(B) Bodily kinesthetic intelligence

(C) Linguistic intelligence

(D) Logical and Mathematical intelligence

12. താഴെക്കൊടുത്തവയിൽ നിന്നും ശരിയായ ജോഡി തെരഞ്ഞെടുത്തെഴുതുക.

(A) പ്രാഥമിക പഠന നിയമം - തോൺഡൈക്

(B) ഉൾക്കാഴ്ച പഠനം - ബ്രൂണർ

(C) സാമൂഹിക സാംസ്കാരിക പഠനം - പിയാഷെ

(D) കണ്ടെത്തൽ പഠനം - വൈഗോട്സ്കി

12. Choose the right pair from the following :

(A) Primary laws of learning - Thorndike

(B) Insightful learning - Bruner

(C) Socio-cultural learning - Piaget

(D) Discovery learning - Vygotsky



13. ബസ്സിൽ യാത്രചെയ്ത ദിനേശന് തൊട്ടടുത്ത സീറ്റിൽ നിന്നും ഒരു പേഴ്സ് കളഞ്ഞുകിട്ടി. അത് മറ്റാരും കാണാതെ പെട്ടെന്നു തന്നെ ഒളിപ്പിക്കാൻ ശ്രമിച്ചു. ഈ പ്രവൃത്തി സിഗ്മണ്ട് ഫ്രോയിഡ് മുന്നോട്ടുവെച്ച ഏത് ആശയവുമായി ബന്ധപ്പെടുന്നു?

(A) അഹം (Ego)

(B) ഇദ്ദ് (Id)

(C) അത്യഹം (Super-ego)

(D) അബോധമനസ്സ് (Unconscious)

13. "Mr. Dinesan got a purse from the adjacent seat while travelling in a bus. He tried to hide the purse"- Identify the concept of Sigmund Freud, related with this situation.

(A) Ego

(B) Id

(C) Super-ego

(D) Unconscious

14. താഴെ കൊടുത്തവയിൽ പ്രത്യേക പരിഗണനയർഹിക്കുന്നവർക്കു വേണ്ടി തയ്യാറാക്കിയ ആദ്യത്തെ നിയമം ഏത് ?

(A) പേഴ്സൺ വിത്ത് ഡിസ്എബിലിറ്റീസ് ആക്ട്

(B) ആർ.ടി.ഇ. ആക്ട്

(C) റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്ട്

(D) മെന്റൽ ഹെൽത്ത് ആക്ട്

14. Which of the following is the first act prepared for those who deserve special consideration ?

(A) Person with Disabilities Act

(B) R.T.E. Act

(C) Rehabilitation Council of India Act

(D) Mental Health Act

15. ടോറൻസിന്റെ അഭിപ്രായത്തിൽ സർഗാത്മകതയുടെ അടിസ്ഥാന ഘടകങ്ങളിൽ പെടാത്തത് ഏത് ?

(A) അഭിപ്രേരണ (Motivation)

(B) വാചാലത (Fluency)

(C) പ്രശ്നപരിഹരണശേഷി (Problem solving)

(D) ഉൾക്കാഴ്ച (Intuition)

15. Identify the alternative not considered as the basic factor of creativity proposed by Torrance.

(A) Motivation

(B) Fluency

(C) Problem solving

(D) Intuition

16. പിയാഷെയുടെ അഭിപ്രായത്തിൽ ശ്രേണീകരണ (seriation) ത്തിനും തരംതിരിക്കാനു (classification) മുള്ള കഴിവ് നേടുന്ന ഘട്ടം ഏത് ?

(A) പ്രാഗ്മനോവ്യാപാരഘട്ടം (Pre-operational stage)

(B) മൂർത്തമനോവ്യാപാരഘട്ടം (Concrete operational stage)

(C) ഔപചാരിക മനോവ്യാപാരഘട്ടം (Formal operational stage)

(D) പ്രതിരൂപാത്മക ഘട്ടം (Symbolic stage)

17. അന്തർദൃഷ്ടി പഠന (Insightful learning) ത്തിന്റെ പ്രക്രിയകളിൽ പെടാത്ത ആശയം ഏത് ?

(A) സമഗ്രവീക്ഷണം (Surveying the whole field)

(B) അംശങ്ങളിൽ നിന്നും സമഗ്രതയിലേയ്ക്ക് (From part to whole)

(C) ദൃശ്യക്ഷേത്രത്തിന്റെ പുനഃസംഘടന (Restructure of the perceptual field)

(D) പൊടുന്നനെയുള്ള പ്രശ്നപരിഹാരം (Sudden grasp of the solution of the problem)

16. According to Piaget, what is the stage o[f] acquiring the ability to seriation an[d] classification ?

(A) Pre-operational stage

(B) Concrete operational stage

(C) Formal operational stage

(D) Symbolic stage

17. Identify the concept not associated wit[h] insightful learning.

(A) Surveying the whole field

(B) From part to whole

(C) Restructure of the perceptual field

(D) Sudden grasp of the solution of th[e] problem

18. താഴെപ്പറയുന്നവയിൽ നിന്നും അനുപൂരക വിദ്യാഭ്യാസം (compensation education) നൽകേണ്ട വിഭാഗത്തിൽ പെടുന്ന കുട്ടികളെ തെരഞ്ഞെടുക്കുക.

(A) സാമൂഹിക പ്രാതികൂല്യമുള്ള കുട്ടികൾ (Socially disadvantaged children)

(B) പ്രതിഭാശാലികൾ (Gifted children)

(C) സർഗപരതയുള്ള കുട്ടികൾ (Creative children)

(D) കുറ്റവാസനയുള്ള കുട്ടികൾ (Delinquent children)

18. Select the group of children need compensation education from the following.

(A) Socially disadvantaged children

(B) Gifted children

(C) Creative children

(D) Delinquent children



19. പാഠപുസ്തകത്തിലെ 'പാത്രം കഴുകുന്ന അമ്മയുടെ ചിത്രം' താഴെപ്പറയുന്നവയിൽ ഏതിനെ സൂചിപ്പിക്കുന്നു ?

(A) ലിംഗസ്ഥിരരൂപം (Gender stereotype)

(B) ലിംഗ വിവേചനം (Gender discrimination)

(C) ലിംഗ മുൻവിധി (Gender bias)

(D) ലിംഗസ്വത്വം (Gender identity)

19. The picture of the "mother washing the dishes" in the textbook indicates, which of the following ?

(A) Gender stereotype

(B) Gender discrimination

(C) Gender bias

(D) Gender identity

20. "ഒരു വയസ്സുള്ള കുട്ടി തനിയ്ക്ക് ഇഷ്ടമുള്ള കളിപ്പാട്ടം എടുക്കുന്നതിന് തന്റെ ശരീരം മുഴുവൻ അതിനടുത്തേക്ക് എത്തിക്കുന്നു."- ഈ പ്രസ്താവന ഏത് വികാസ തത്ത്വവുമായി ബന്ധപ്പെട്ടതാണ് ?

(A) വികാസം സഞ്ചിത സ്വഭാവത്തോടു കൂടിയതാണ്

(B) വികാസം ക്രമീകൃതമാണ്

(C) വികാസം ശിരപാദാഭിമുഖ ക്രമം പാലിക്കുന്നു.

(D) വികാസം സ്ഥൂലത്തിൽ നിന്നും ആരംഭിച്ച് സൂക്ഷ്മത്തിലേക്ക് കടക്കുന്നു.

20. "A child of one year old, moves his body as a whole to have the toy he desires" - This statement is related to which principle of development ?

(A) Development is cumulative

(B) Development is orderly

(C) Development is cephalo-caudal sequence

(D) Development proceeds from general to specific

21. പക്വ വ്യക്തിത്വം (Mature personality) എന്ന ആശയം അവതരിപ്പിച്ച മനഃശാസ്ത്രജ്ഞൻ ആരാണ് ?

(A) കാൾ റോജേഴ്സ്

(B) അബ്രഹാം മാസ്‌ലോ

(C) ജി. ഡബ്ല്യൂ. ആൽപോർട്ട്

(D) ആർ. ബി. കാറ്റൽ

21. Identify the Psychologist who suggested th concept of mature personality ?

(A) Carl Rogers

(B) Abraham Maslow

(C) G.W. Allport

(D) R.B. Cattell

22. താഴെ കൊടുത്തവയിൽ നിന്നും സാമൂഹ്യ ജ്ഞാന നിർമ്മിതിയുമായി ബന്ധപ്പെട്ട ആശയങ്ങൾ കണ്ടെത്തുക.

(i) ഉയർന്ന തലത്തിലുള്ള ചിന്ത

(ii) ആവർത്തനമാണ് പഠനം

(iii) ചിന്തയെക്കുറിച്ചുള്ള ചിന്ത

(iv) പര്യവേഷണം, പരീക്ഷണം

(A) (i), (ii) ശരിയാണ്

(B) (i), (iii) തെറ്റാണ്

(C) (i), (iii), (iv) ശരിയാണ്

(D) (ii), (iii), (iv) ശരിയാണ്

23. താഴെപ്പറയുന്നവയിൽ ആലേഖന വൈകല്യ (Dysgraphia) ത്തിൽ ഉൾപ്പെടാത്ത പഠന പ്രശ്നമേത് ?

(A) എഴുതുമ്പോൾ വാക്കുകൾ പരസ്പരം മാറിപ്പോകുന്നു.

(B) ചില വാക്കുകൾ എഴുതുമ്പോൾ വിട്ടുപോകുന്നു.

(C) തപ്പിയും തടഞ്ഞും വായിക്കുന്നു

(D) ഇവയെല്ലാം

22. Find out the concepts based on soc constructivism, from the options giv below :

(i) Higher level thinking

(ii) Learning is repetition

(iii) Meta cognition

(iv) Exploration, Experimentation

(A) (i), (ii) True

(B) (i), (iii) False

(C) (i), (iii), (iv) True

(D) (ii), (iii), (iv) True

23. Which of the following is not a learni problem with Dysgraphia ?

(A) When writing, words interchangeable

(B) Missing some words while writing

(C) Reading in stumbled way

(D) All of these

24. താഴെ കൊടുത്തവയിൽ കാതറിൻ എം. ബ്രിഡ്ജസിന്റെ അഭിപ്രായത്തിൽ കുട്ടിയുടെ ജനന സമയത്തുള്ള വികാരം ഏത് ?

(A) അസ്വാസ്ഥ്യം (Distress)

(B) സന്ത്രാസം (Excitement)

(C) ഉല്ലാസം (Delight)

(D) ഭയം (Fear)

24. According to Katharine M. Bridges w kind of emotion does appear in baby birth ?

(A) Distress

(B) Excitement

(C) Delight

(D) Fear



25 താഴെക്കൊടുത്ത ബന്ധങ്ങളിൽ അസാമാന്യ ശിശുക്കളെ (Exceptional children) ക്കുറിച്ചുള്ള തെറ്റായ ജോഡി തെരഞ്ഞെടുക്കുക.

(A) മന്ദപഠിതാക്കൾ (Slow learner) - IQ-70 ൽ താഴെ. ആത്മ വിശ്വാസമുള്ളവർ

(B) പ്രതിഭാശാലികൾ (Gifted children) - IQ-130 ന് മുകളിൽ, ഉയർന്ന നിലവാരം

(C) മാനസികമാന്ദ്യമുള്ള കുട്ടികൾ (Mentally Retarded Children) - IQ-70 ൽ താഴെ, പ്രത്യേക പരിചരണം വേണ്ടവർ

(D) സർഗപരതയുള്ള - മൗലികതയും

25. Select the erroneous pair regarding exceptional children.

(A) Slow learner IQ-below 70, confident

(B) Gifted children IQ-Above 130, higher level

(C) Mentally retarded children IQ-below 70 special care needed

(D) Creative children - Expresses originality and

(D) സർഗപരതയുള്ള കുട്ടികൾ (Creative children) | പുതിയ ഉൾക്കാഴ്ചയും പ്രകടിപ്പിക്കുന്നു. | insight

26. എറിക്. എച്ച്. എറിക്സൺ മുന്നോട്ടുവെച്ച മനോ സാമൂഹ്യ വികാസത്തിൽ (Psycho-social development) ഊർജ്ജസ്വലത/ അപകർഷത (Industry/Inferiority) എന്ന പ്രതിസന്ധി ഘട്ടത്തിന്റെ പ്രായപരിധിയാണ്

(A) 1 മുതൽ 3 വയസ്സുവരെ
(B) 3 മുതൽ 6 വയസ്സുവരെ
(C) 6 മുതൽ 12 വയസ്സുവരെ
(D) 12 മുതൽ 18 വയസ്സുവരെ

26. Which is the age limit at the time of crisis called industry/inferiority in Psycho-social development of Eric. H. Erickson ?

(A) 1 to 3 year
(B) 3 to 6 years
(C) 6 to 12 years
(D) 12 to 18 years

27. "മലയാളം വായിക്കാൻ ഒട്ടും താല്പര്യമില്ലാത്ത കുട്ടി അധ്യാപികയുടെ നിർബന്ധത്തിനു വഴങ്ങി വായന തുടങ്ങുകയും മികച്ച വായനക്കാരനാവുകയും ചെയ്തു" - ഈ പ്രസ്താവന പഠനത്തെ സ്വാധീനിക്കുന്ന ഏത് ഘടകവുമായി ബന്ധപ്പെടുന്നു ?

(A) താല്പര്യം
(B) ആന്തരികാഭിപ്രേരണ
(C) മനോഭാവം
(D) ബാഹ്യാഭിപ്രേരണ

27. "A child not interested in reading Malayalam, was constrained by teacher began reading and became good reader" Which factor influencing the learning is related to the above statement ?

(A) Interest
(B) Intrinsic motivatio
(C) Attitude
(D) Extrinsic motivation

28. കവിതയ്ക്ക് ഈണം കണ്ടെത്തുന്ന പ്രവർത്തനം നൽകിയ അനു ടീച്ചർ ഗ്രൂപ്പുകളെ വിലയിരുത്തിയതിനു ശേഷം ചില ഗ്രൂപ്പുകൾക്ക് വ്യത്യസ്ത ഈണം കണ്ടെത്തുന്നതിനുള്ള നിർദ്ദേശം നൽകി. ഈ പ്രവർത്തനം ഏത് വിലയിരുത്തലിന് ഉദാഹരണമാണ് ?

(A) പഠനത്തെ വിലയിരുത്തൽ (Assessment of learning)

(B) പഠനത്തിനായുള്ള വിലയിരുത്തൽ (Assessment for learning)

(C) വിലയിരുത്തൽ തന്നെ പഠനം (Assessment as learning)

(D) ഇവയൊന്നുമല്ല

29. കോൾബർഗിന്റെ സന്മാർഗിക വികാസ (Moral development) സിദ്ധാന്തത്തിലെ യാഥാസ്ഥിതികാനന്തര സദാചാരഘട്ട (Post conventional morality) ത്തിന് യോജിച്ച പ്രസ്താവന ഏത് ?

(A) സാമൂഹിക ചിട്ടകൾക്കുവേണ്ടി നിയമങ്ങൾ പാലിക്കുന്നു

(B) ഭാവിയിലെ ആനുകൂല്യങ്ങൾക്കായി നന്നായി പെരുമാറുന്നു.

(C) മറ്റുള്ളവരുടെ പ്രതീക്ഷകൾക്കനുസരിച്ച് നന്നായി പെരുമാറുന്നു.

(D) സമൂഹത്തിന്റെ നിയമങ്ങൾ മനുഷ്യ

28. Anu teacher assessed the group ... activities to find the tune for a poem, ... groups were instructed to find diff... tunes. This activity is an example of w... assessment ?

(A) Assessment of learning

(B) Assessment for learning

(C) Assessment as learning

(D) None of the above

29. Which statement is most appropriate f... stage of post conventional morali... Kohlberg's theory of Moral developm...

(A) Obeying laws for social contrac...

(B) Behaves well for future benefits

(C) Behaves as per the wishes of ot...

(D) Behaves as if the laws of soci...

(D) സമൂഹത്തിന്റെ നിയമങ്ങൾ മനുഷ്യ നന്മയ്ക്കാണെന്നു കരുതി പെരുമാറുന്നു.

30. ''പരിസര പഠനത്തിൽ മനസ്സിലാക്കിയ ഒരാശയം ഗണിതപഠനത്തിന് സഹായിക്കുന്നില്ല'' - ഈ ആശയം ഏത് തരം പഠനാന്തരണ (Transfer of learning) ത്തിന് ഉദാഹരണമാണ് ?

(A) ശൂന്യ സംക്രമണം (Zero transfer)

(B) ന്യൂന സംക്രമണം (Negative transfer)

(C) അധിക സംക്രമണം (Positive transfer)

(D) അല്പ സംക്രമണം (Low transfer)

(D) Behaves as if the laws of soci
for the good of mankind

30. "The knowledge acquired
Environmental studies may not h
learning Mathematics"- This stateme
example of what kind of trans
learning ?

(A) Zero transfer

(B) Negative transfer

(C) Positive transfer

(D) Low transfer